പുന: പരിശോധിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. 30/10/1996 -ൽ ആണ് അറിയിച്ചത്.

(ഇ) ഉണ്ട്.

(എഫ്) ഇല്ല.

33 (1765) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രവർത്തനം

<u>ശ്രീമതി റോസമ്മ ചാക്കോ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് ടെന്റേറ്റീവ് പ്രോഗ്രാം നിശ്ചയിക്കുന്നതിനെ സംബന്ധിച്ച് 23.2.1998-ൽ വകുപ്പ് ഡയറക്ടർ സബ് ഓഫീസുകൾക്ക് നൽകിയ നിർദ്ദേശത്തിൽ എന്തെക്കെയാണ് പറഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കത്തിന്റെയും അനുബന്ധത്തിന്റെയും പകർപ്പുകൾ മേശപ്പുറത്ത് വയ്ക്കുമോ;

(ബി) 1999-2000 വർഷത്തേക്കുള്ള ടെന്റേറ്റീവ് പ്രോഗ്രാം നിശ്ചയിക്കുന്നത് സംബന്ധിച്ച് സബ് ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; പ്രസ്തുത കത്തിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത് കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് മാന്വലിന്റെ വ്യവസ്ഥകളനുസരിച്ചാണോ; അല്ലെങ്കിൽ ഏത് ഡിപ്പാർട്ട്മെന്റിൽ മാന്വലിലെ വ്യവസ്ഥ പ്രകാരമാണ് ഇപ്രകാരം ചെയ്തത് എന്ന് വിശദീകരിക്കുമോ;

(ഡി) കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് മാന്വലിന് സർക്കാർ ഔദ്യോഗികമായി അംഗീകാരം നൽകിയതെന്നാണ് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വകുപ്പിനുകീഴിൽ നിക്ഷിപ്തമായ സ്ഥാപനങ്ങളുടെ ഓഡിറ്റ് കാര്യക്ഷമമായി നടത്തുന്നതിനും, റിപ്പോർട്ടുകൾ പുറപ്പെടുവിക്കുന്നതിനും വേണ്ടി ഓരോ വർഷവും തൊട്ടടുത്ത സാമ്പത്തികവർഷം ചെയ്തു തീർക്കുവാനുള്ള ജോലിയുടെ തോതും അതിനുവേണ്ടുന്ന മനുഷ്യദിനങ്ങളും കണക്കിലെടുത്ത് തയ്യാറാക്കുന്ന ടെന്റേറ്റീവ് പ്രോഗ്രാമിലെ അപാകതകൾ ചൂണ്ടിക്കാട്ടി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചാണ് ഡയറക്ടർ അംഗീകരിക്കുന്നത്. ഇതിനായി സബ് ഓഫീസുകൾക്ക് നൽകിയ 23.2.1998 -ലെ കത്തിന്റെ പകർപ്പ് സമർപ്പിക്കുന്നു.

(ബി) ഉണ്ട്. കത്തിന്റെ പകർപ്പ് സമർപ്പിക്കുന്നു.†

(സി) ടെന്റേറ്റീവ് പ്രോഗ്രാം തയ്യാറാക്കുന്നത് കേരള പഞ്ചായത്ത് ആക്ട്, കേരള മുൻസിപ്പാലിറ്റീസ് ആക്ട്, ലോക്കൽ ഫണ്ട് ആക്ട് കൂടാതെ വകുപ്പിൻ ഓഡിറ്റ് നിക്ഷിപ്തമായ മറ്റ് സ്ഥാപനങ്ങളുടെ ആക്ട്, ബൈലോകൾ, മറ്റ് റൂളുകൾ എന്നിവയ്ക്കനുസൃതമായാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വിശദീകരണം: ലോക്കൽ ഫണ്ട് ആഡിറ്റ് (കരട്) മാന്വൽ വകുപ്പദ്ധ്യക്ഷൻ കാലാകാലങ്ങളിലായി ജീവനക്കാർക്ക് നൽകിയ മാർഗ്ഗ നിർദ്ദേശത്തിന്റെ സംക്ഷിപ്തമാണ്.

(ഡി) 1958 ലാണ് ലോക്കൽ ഫണ്ട് ആഡിറ്റ് മാന്വൽ (വാല്യം 2) സർക്കാർ അച്ചടിച്ച് പ്രസിദ്ധം ചെയ്തത്.

34 (1766) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ നിയമങ്ങൾ

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലോക്കൽഫണ്ട് ആഡിറ്റ് മാന്വൽ ആദ്യമായി പ്രസിദ്ധപ്പെടുത്തിയതെന്താണ്;

(ബി) ഈ മാന്വൽ പ്രകാരമുള്ള നടപടികൾക്ക് നിയമ സാധുതയുണ്ടോ;

(സി) ഇത് സർക്കാർ അംഗീകരിച്ചതാണോ;

(ഡി) മാന്വൽ വ്യവസ്ഥകൾ ലോക്കൽ ഫണ്ട് ആഡിറ്റ് ഉദ്യോഗസ്ഥർ പാലിക്കേണ്ടതാണോ;

(ഇ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് സ്പെഷ്യൽ റൂൾസ് അനുസരിച്ച് പുതിയതായി സർവ്വീസിൽ പ്രവേശിക്കുന്നവർ പാസ്സാകേണ്ട പരീക്ഷയുടെ സിലബസിൽ ഈ മാന്വൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) ഈ സിലബസിൽ ഉൾപ്പെടുത്തിയിട്ടുള്ള റൂളിലും ആക്ടിലും മാന്വലിലും ഏതെങ്കിലും നിയമസാധുതയില്ലാത്തവയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ഏതെന്ന് വ്യക്തമാക്കുമോ;

(ജി) നിയമസാധുത ഇല്ലാത്തവ സിലബസിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവർ നിയമവിധേയമല്ലാത്ത പുസ്തകങ്ങൾ പഠിച്ച് നിയമ വിരുദ്ധമായി പെരുമാറാൻ ഇടയുണ്ടെന്ന വസ്തുത സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(എച്ച്) ('മാന്വൽ ഓഫ് ഓഫീസ് പ്രൊസീഡ്യുർ) 'എന്ന പുസ്തകങ്ങൾ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ ഏതെങ്കിലും ജീവനക്കാർ പ്രൊബേഷൻ കാലത്തോ അല്ലാതെയോ പാസ്സായിരിക്കണമെന്ന വ്യവസ്ഥയുണ്ടോ; എങ്കിൽ അത് സംബന്ധിച്ച ചട്ടത്തിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) 1958-ൽ മാന്വലിന്റെ രണ്ടാം വാല്യം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അതെ.

(ഡി) അതെ.

(ഇ) ഉണ്ട്. മാന്വൽ 2-ം വാല്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

(എഫ്) ഇല്ല. ബാധകമല്ല.

(ജി) 'എഫ്' നുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(എച്ച്) വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly